# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.158 03.05.2017 - ൽ മറുപടിയ്ക്ക്**

## കേരള ജനറിക് മരുന്ന് വിതരണ ശൃംഖല

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.പി. സജീന്ദ്രൻ :<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ അൻവർ സാദത്ത് :<br>ശ്രീ സണ്ണി ജോസഫ് : | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) കേരള ജനറിക് മരുന്ന് വിതരണ ശൃംഖല ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. ബ്രാൻഡഡ് ജനറിക് മരുന്നുകൾ പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ വിലയിൽ ജനങ്ങളിലേക്കെത്തിക്കുക എന്ന സദുദ്ദേശ്യത്തോടെ ആരംഭിച്ച് ഇപ്പോൾ കേരളത്തിലുടനീളം 55 ഓളം ഫാർമസികളുമായി മുന്നേറുന്ന കാരുണ്യ ഫാർമസിയുടെ പുതിയ സംരംഭമാണ് "കേരള ജനറിക്സ്" ബ്രാൻഡഡ് നാമത്തിലല്ലാതെ രാസനാമത്തിൽ തന്നെ പൊതു വിപണിയിൽ ലഭ്യമാകുന്ന ഇത്തരം മരുന്നുകൾ ബ്രാൻഡഡ് മരുന്നുകളെപ്പോലെതന്നെ തുല്യഗുണനിലവാരമുള്ളവയാണ് . കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച വിവിധയിനം പദ്ധതികളിലൂടെയും ഡോക്ടർമാരുടെ കുറിപ്പടികളിലൂടെയും ആവർത്തിച്ചു വരുന്ന മരുന്നുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേരള ജനറിക്സിന് ആവശ്യമായ മരുന്നുകളുടെ പട്ടിക തയ്യാറാക്കിയിരിക്കുന്നത് . ഇത്തരത്തിൽ 111 -ഓളം മരുന്നുകൾ കണ്ടെത്തി അവയുടെ ഗുണനിലവാരത്തിന് ഒരു കുറവും വരാത്ത തരത്തിലുള്ള നിബന്ധനകൾ മുന്നോട്ടുവച്ച് കമ്പനികളെ തിരഞ്ഞെടുത്ത് മരുന്നുകൾ സംഭരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിക്കുന്നത് ; | (ബി) | പദ്ധതിയുടെ ആദ്യപടിയായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലുമാണ് പ്രത്യേക കൗണ്ടർ സജ്ജീകരിച്ച് നൈപുണ്യമുള്ള ഫാർമസിസ്റ്റുമാരെ സേവനദാതാക്കളാക്കി നിയമിച്ചുകൊണ്ട് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി) എത്ര ശതമാനം വിലക്കുറവിൽ കേരള ജനറിക് മരുന്നുകൾ വിൽക്കുവാനാണ് ഉദ്ദേശിക്കുന്നത്? | (സി) ബ്രാൻഡഡ് മരുന്നുകളേക്കാൾ 90 ശതമാനം വരെ വിലക്കുറവിലാണ് കേരള ജനറിക്സ് മരുന്നുകൾ വിൽക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ